# 'ഹൃദയംകൊണ്ടുള്ള അനുസരണം'

## മത്തായി 21:32

''യോഹന്നാൻ നീതിമാർഗ്ഗം ഉപദേശിച്ചുകൊണ്ട് നിങ്ങളുടെ അടുക്കൽ വന്നു. നിങ്ങൾ അവനെ വിശ്വസിച്ചില്ല. എന്നാൽ ചുങ്കക്കാരും വേശ്യമാരും അവനെ വിശ്വസിച്ചു. അതു കണ്ടിട്ടും നിങ്ങൾ അവനെ വിശ്വസിപ്പാൻ തക്കവണ്ണം പിന്നത്തേതിൽ അനുതപിച്ചില്ല''.

'അനുതാപം' എന്ന അനുഭവം ഇന്ന് മനുഷ്യഹൃദയങ്ങളിൽനിന്ന് പാടേ തുടച്ചു മാറ്റപ്പെട്ടിരിക്കുന്നു. ഹൃദയത്തിന്റെ കഠിന ഭാവങ്ങളും, ചിന്തകളും, വികാരങ്ങളും മനുഷ്യമനസ്സിനെ നിയന്ത്രിക്കുകയും സകല കാര്യങ്ങൾ അപ്രകാരം വീക്ഷിക്കുകയും ക്രമീകരിക്കുകയും ചെയ്യുന്നു.

ഇവിടെ നാം കണ്ടതായ വാക്യം അനുതാപത്തിന്റെ വലിയ ആവശ്യകത പഠിപ്പിക്കുന്നു. അവനെ വിശ്വസിപ്പാൻ തക്കവണ്ണം അനുതപിച്ചില്ല എന്നാകുന്നു നാം കാണുന്നത്. 'നീതിമാർഗ്ഗം' യോഹന്നാൻ ഉപദേശിച്ചപ്പോൾ 'മാനസാന്തരപ്പെടണം' എന്നതായിരുന്നു ദൈവഹിതം. എന്നാൽ ഹൃദയം ദൈവത്തെ അനുസരിക്കാൻ വിട്ടുകൊടുത്തില്ല. 'സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ' എന്ന ആഹ്വാനത്തോടു പ്രതികരിച്ചതായ ഒരുകൂട്ടം വിഭാഗത്തെയും ഇവിടെ കാണുന്നു. അതേ, ചുങ്കക്കാരും വേശ്യമാരും ദൈവരാജ്യം മുന്നമേ കരസ്ഥമാക്കും എന്ന മുന്നറിയിപ്പ് നാം കണ്ടു.

കർത്താവ് ഇവിടെ അതിനുമുമ്പ് പഠിപ്പിച്ചതായ സാദൃശ്യം എത്ര വലുതാകുന്നു. ഒരുവൻ തന്റെ മൂത്ത മകനെ ഒരു ജോലിക്കായി നിയോഗിച്ചു. അവൻ മനസ്സില്ല എന്ന് ഹൃദയം കൊണ്ട് സമ്മതിച്ചു. മറ്റവൻ ഉപരിവിപ്ലവമായി പിതാവിനെ അനുസരിച്ചു. എങ്കിലും ഹൃദയം മറുതലിപ്പ് അവസ്ഥയിലായിരുന്നു. മൂത്തപുത്രൻ തന്റെ തെറ്റ് അഥവാ പിതാവിനോട് കാണിച്ച മറുതലിപ്പും അനുസരണക്കേടും മനസ്സിലാക്കി അനുതപിക്കുകയും തന്നെ ഏല്പിച്ച ദൗത്യത്തിനായി പോകുകയും ചെയ്തു.

നമ്മെ നിശബ്ദമായി ദൈവകരങ്ങളിലേക്ക് കൊടുത്തുകൊണ്ട് ശോധന ചെയ്യാം. പലപ്പോഴും ദൈവിക അരുളപ്പാടുകളോട് നാം 'ശരി' സമ്മതിക്കുന്നവരാണ്. എന്നാൽ അധരം കൊണ്ടുള്ള അനുസരണത്തിൽ പലപ്പോഴും ഒതുങ്ങിപോകുന്നു. രണ്ടാമത്തെ പുത്രനെപ്പോലെ ദൈവത്തെ അനുസരിക്കുന്നവനും ദൈവിക അരുളപ്പാടുകളോട് പ്രതികരിക്കുവാനും, പ്രവർത്തിക്കുവാനും പരാജയപ്പെട്ടു പോകുന്നു. ഹൃദയംകൊണ്ടുള്ള അനുസരണം,

അതേ, അനുതാപം അതാണു ദൈവത്തിനു പ്രസാദം. അഥവാ സ്വഭാവത്തിന്റെ ബാഹ്യമായ പ്രതികരണം ഒരു ദൈവഭക്തന്റേതു തന്നെ ആയിരിക്കും. എന്നാൽ ഹൃദയം കർത്താവിൽനിന്ന് അകലെയും. അങ്ങനെയുള്ളവന് ഒരിക്കലും തന്റെ തെറ്റ് മനസ്സിലാക്കാനോ അനുതപിക്കാനോ കഴിയില്ല.

മൂത്തവൻ തന്റെ ബലഹീനതയിൽ വിസമ്മതിച്ചെങ്കിലും അനുതാപം ഉണ്ടായി, ഹൃദയത്തിൽ ഉള്ളത് ഉള്ളതുപോലെ പറഞ്ഞു. കർത്താവ് അവനെ തുണച്ചു. അനുതപിക്കുവാനും അപ്പനെ അനുസരിക്കുവാനും ദൗത്യനിർവഹണത്തിനുള്ള കൃപ ലഭിക്കുകയും ചെയ്തു.

രണ്ടാമത്തവൻ ഹൃദയത്തിന്റെ കാപട്യമാണ് സ്വഭാവത്തിൽ വെളിപ്പെടുത്തിയത്. നമ്മുടെ എല്ലാ ശാഠ്യങ്ങളും കഠിനഹൃദയങ്ങളും അനുതാപത്താൽ ഒന്ന് അലിയട്ടെ. എല്ലാം ദൈവേഷ്ടം എന്ന് അനുമാനിച്ചുകൊണ്ട് ഇന്നും ഹൃദയംകൊണ്ട് അവനെ അനുസരിക്കാൻ പറ്റാത്ത മേഖലകളെ  ഒന്ന് ശോധനചെയ്യാം. അർഹതയും യോഗ്യതയും ഇല്ലാത്തവനും അനുതാപംകൊണ്ട് വിശ്വസിച്ച് സ്വർഗ്ഗരാജ്യം സ്വന്തമാക്കി. എന്നാൽ അർഹിക്കപ്പെട്ട ദൈവപൈതലേ, ഇന്ന് അവനെ ഹൃദയംകൊണ്ട് പൂർണ്ണമായി വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യാൻ പരാജയപ്പെടുന്നുവോ? നമ്മുടെ ബലഹീനത സമ്മതിച്ചുകൊടുക്കാം. ഓരോ ദിനവും അനുതാപത്തോടെ കർത്താവിൽ ആശ്രയിച്ചും, വിശ്വസിച്ചും, അനുസരിച്ചുംകൊണ്ട് അവനായി കാത്തിരിക്കാം.

പരാമർശം :

അപ്പൊസ്തലപ്രവൃത്തികൾ 3:20,21

ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞുകിട്ടേണ്ടതിന്നു മാനസാന്തരപ്പെട്ടു തിരിഞ്ഞുകൊൾവിൻ; എന്നാൽ കർത്താവിന്റെ സമ്മുഖത്തുനിന്നു ആശ്വാസകാലങ്ങൾ വരികയും നിങ്ങൾക്കു മുൻനിയമിക്കപ്പെട്ട ക്രിസ്തുവായ യേശുവിനെ അവൻ അയക്കയും ചെയ്യും.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 096**